പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4976 24.07.2015-ൽ മറുപടിക്ക്

എടവനക്കാട് ശുദ്ധജല സംഭരണി

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ: | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| എ) ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയായി വരുന്ന എടവനക്കാട് ശുദ്ധജല സംഭരണി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ജിഡ -ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് എടവനക്കാട് പഞ്ചായത്തിൽ അനിയിൽ മാർക്കറ്റിൽ നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജലസംഭരണി 28.02.2015 ൽ പൂർത്തീകരിച്ച് ട്രയൽ റൺ നടത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത ശുദ്ധജല സംഭരണിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; | | ജിഡ -ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന എടവനക്കാട് പഞ്ചായത്തിലെ ജലസംഭരണിയിൽ വെള്ളം ശേഖരിച്ച് എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തുകൾക്ക് മാത്രമായി പൂർണ്ണ തോതിൽ കുടിവെള്ളം ലഭിക്കുന്നതിലേക്കുള്ളതാണ് ഈ പദ്ധതി. എന്നാൽ ജിഡയുടെ സാമ്പത്തിക സഹായത്തോടെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിലൂടെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന മൂന്ന് ശുദ്ധജലസംഭരണികൾ കൂടി |

| | | | |
|---|---|---|---|
| | | | ചാർജ്ജ് ചെയ്താൽ മാത്രമേ എടവനക്കട്, കുഴിപ്പിള്ളി പഞ്ചായത്തുകൾക്ക്മാത്രമായി പൂർത്തിയാക്കിയ ജല സംഭരണിയുടെ പൂർണ്ണതോതിലുള്ള പ്രയോജനം ലഭിക്കുകയുള്ളൂ. |
| സി) | പ്രസ്തുത ശുദ്ധജല സംഭരണി പ്രവർത്തനക്ഷമമാകുന്നതോടെ ഏതെല്ലാം പ്രദേശങ്ങളിലെ ജനവിഭാഗത്തിനാണ് ഉപയോഗപ്പെടുകയെന്ന് വിശദമാക്കാമോ? | സി | എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തിലെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ